*"ഭരണഭാഷ–മാതൃഭാഷ"*

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം**
**നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – ചങ്ങനാശ്ശേരി നഗരസഭ– റസിഡൻഷ്യൽ കെട്ടിടനിർമ്മാണം– കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം : ശ്രീ. പ്രദീപ്, ശബരീഷ ഭവനത്തിൻറെ 07.05.2022 ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ : TCPKTM/319/2022–C** **തീയതി : 30/05/2022**

---

ചങ്ങനാശ്ശേരി നഗരസഭയിൽ വാഴപ്പള്ളി വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 2 ൽ റീ–സർവേ നമ്പർ 3/24, 3/24–1–1 –ൽ ഉൾപ്പെട്ട 143 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുള്ള വാസഗൃഹം (കെട്ടിട നമ്പർ I/30) പൊളിച്ചു മാറ്റി 110.66 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും (Built up area) രണ്ടു നിലകളോട് (Ground floor and First floor) കൂടിയതുമായ വാസഗൃഹ നിർമ്മാണത്തിന് കൺകറൻസിനായാണ് ശ്രീ പ്രദീപ്, ശബരീശ ഭവനം, ഹരിജൻ കോളനി പി.ഒ., വാഴപ്പള്ളി വെസ്റ്റ്, ചങ്ങനാശ്ശേരി അപേക്ഷിച്ചിരിക്കുന്നത്.

അപേക്ഷകന്റെ പ്ലോട്ട് ചങ്ങനാശ്ശേരി ഡെവലപ്മെന്റ് പ്ലാനിന്റെ 'Developable Agricultural zone" എന്ന മേഖലയിൽ ഉൾപ്പെടുന്നു. മേഖലാ നിയന്ത്രണ ചട്ടം പ്രകാരം ഈ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്തു 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാസഗൃഹ നിർമ്മാണത്തിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നു വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസോടുകൂടി അനുവദിക്കാവുന്ന ഉപയോഗമാണ്. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 5(4), ചട്ടം 5(6)(1)(c) എന്നിവ പ്രകാരം ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ലാനിൻറെ മേഖല നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായി താഴെ പറയുന്ന നിബന്ധനകളോടെ നിർദ്ദിഷ്ട നിർമ്മാണത്തിന് കൺകറൻസ് നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KMBR–2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KMBR–2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിൻറെ ഉടമസ്ഥത , സർവ്വേ നമ്പറുകൾ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ ഉടമസ്ഥാവകാശം , നിർമ്മാണ അവകാശം തുടങ്ങിയവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ / 1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി ഇത് ഉറപ്പുവരുത്തേണ്ടതാണ്.

4. ഫില്ലിംഗ് പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ, ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുമതി നേടിയിരിക്കണം.
5. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019) ചട്ടം 26 പ്രകാരമുള്ള open spaces കെട്ടിടത്തിന് ലഭ്യമാണെന്ന് ഉറപ്പ് വരുത്തണം
6. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019) ചട്ടം 79 പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം Soak pit ചട്ടം 75.2(iv) - ലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
7. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR 2019) നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ , നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 12/2022/KTYM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
ചങ്ങനാശ്ശേരി നഗരസഭ (ഉള്ളടക്കം സഹിതം)

പകർപ്പ് :

1. ശ്രീ. പ്രദീപ്, ശബരീഷഭവൻ, ഹരിജൻ കോളനി, വാഴപ്പള്ളി വെസ്റ്റ്, ചങ്ങനാശ്ശേരി
2. അധികം -1

S30052022

DESPATCHED
Date...1/06/22